# പത്രക്കുറിപ്പ്

14.11.2017 തീയതി സംസ്ഥാന ശിശുക്ഷേമ സമിതിയുടേയും വിദ്യാഭ്യാസ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന ശിശുദിന റാലിയോടനുബന്ധിച്ച് അന്നേദിവസം ഉച്ചയ്ക്ക് 02.00 മണി മുതൽ 06.00 മണിവരെ തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

ശിശുദിന റാലി ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ കിഴക്കേകോട്ട, ഓവർ ബ്രിഡ്ജ്, ആയുർവേദകോളേജ്- പുളിമൂട് - സ്റ്റാച്യൂ - വി.ജെ.റ്റി - പാളയം (എം.ജി.റോഡ്) റോഡിലൂടെയുള്ള ഗതാഗതം ഒഴിവാക്കി യാത്രക്കാർ യാത്രചെയ്യേണ്ടതാണ്.

<u>വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ</u>

- പാളയം - നന്ദാവനം - ബേക്കറി - പനവിള റോഡിലൂടെ പോകേണ്ടതാണ്
- കിഴക്കേകോട്ടയിൽ നിന്നും പേരൂർക്കട,നെടുമങ്ങാട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഓവർ ബ്രിഡ്ജിൽ വന്ന് തിരിഞ്ഞ് തമ്പാനൂർ, വഴി പോകേണ്ടതാണ്
- കിഴക്കേകോട്ടയിൽ നിന്നും പട്ടം ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ, മിത്രാന്ദപുരം, കൈതമുക്ക്, വഞ്ചിയൂർ, പാറ്റൂർ, ജനറൽ ആശുപത്രി, പാളയം വഴിയും പോകേണ്ടതാണ്.

ശിശുദിന റാലി ദിവസമായ 14.11.2017 തീയതി എം.ജി.റോഡിലെ ഇരുവശങ്ങളിലും പാർക്കിംഗ് ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. വാഹനങ്ങൾ റോഡിനു പരാലൽ ആയോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല.

പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദപ്പെട്ട ആരുടേയെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.